(10) വിദേശ മെഡിക്കൽ കോഴ്സിന് അംഗീകാരം

ശ്രീ. പി. ടി. എ. റഹീം: സർ, ധാരാളം വിദ്യാർത്ഥികൾ ഇന്ത്യയ്ക്ക് പുറത്ത് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികളും കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ് മുഖേന പഠനം തുടരുകയാണ്. ഇന്ത്യയ്ക്കകത്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ചില തീരുമാനങ്ങളെടുത്തതായി അറിയുന്നുണ്ട്. മേൽ സാഹചര്യത്തിൽ വിദേശത്തുനിന്നും മടങ്ങിവന്ന് ഓൺലൈൻ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാനുള്ള സംവിധാനമൊരുക്കാൻ സാധിക്കുമോ; അതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, അഖിലേന്ത്യാതലത്തിൽ നടത്തുന്ന നീറ്റ് പരീക്ഷ പാസ്സായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ മെഡിക്കൽ പഠനം നടത്തുന്നത്. ഈ വിദ്യാർത്ഥികൾ നാഷണൽ മെഡിക്കൽ കമ്മീഷൻ മുഖേന രജിസ്ട്രേഷൻ നടത്തിയതിനുശേഷമാണ് പഠനം തുടരുന്നത്. എന്നാൽ വിദേശ രാജ്യങ്ങളിൽ മെഡിക്കൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഈ നടപടിക്രമങ്ങളിലൂടെ കടന്നുപോകേണ്ടതായി വരുന്നില്ല. വിദേശ മെഡിക്കൽ കോഴ്സുകൾ പാസ്സായി വരുന്നവർക്ക് അംഗീകാരം നൽകുന്നത് നാഷണൽ മെഡിക്കൽ കമ്മീഷനാണ്. നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ട് ആയതിന് കീഴിലുണ്ടായിട്ടുള്ള റൂൾസ് ആൻഡ് റെഗുലേഷൻസും അനുസരിച്ച് വിദേശ മെഡിക്കൽ ബിരുദം പൂർത്തിയാക്കി ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ് എക്സാമിനേഷൻ പാസ്സായി വരുന്നവർക്കാണ് ട്രാവൻകൂർ-കൊച്ചി മെഡിക്കൽ കൗൺസിലിൽനിന്നും പ്രാക്ടീസിനുള്ള രജിസ്ട്രേഷൻ അനുവദിക്കുന്നത്. കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസിലെ സെക്ഷൻ 24 പ്രകാരം റെഗുലർ കോഴ്സ് കഴിഞ്ഞവർക്ക് മാത്രമാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. കോവിഡ്-19 പാൻഡമിക് പശ്ചാത്തലത്തിൽ ഇന്ത്യയ്ക്കകത്ത് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നവർക്ക് ഓൺലൈൻ മുഖേനെയുള്ള തിയറി ക്ലാസ്സുകൾക്കും യൂണിവേഴ്സിറ്റിയോ കോളേജോ തുറക്കുന്ന മുറയ്ക്ക് പ്രാക്ടിക്കൽ പഠനം നേരിട്ട് നടത്തുന്നതിനും നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ വിദേശത്ത് മെഡിക്കൽ പഠനം നടത്തുന്നവരുടെ ഓൺലൈൻ പഠനം സംബന്ധിച്ചോ കോഴ്സിന് അംഗീകാരം നൽകുന്നത് സംബന്ധിച്ചോ എന്തെങ്കിലും മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നാഷണൽ മെഡിക്കൽ കമ്മീഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. തുടർനടപടികൾക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൊതുവായിട്ടുള്ള വിഷയമാണ്. സ്വാഭാവികമായും ഈ നിർദ്ദേശം വയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly